"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2020-21 - കാസറഗോഡ് ജില്ലയിലെ ആദൂർ വില്ലേജ് ഓഫീസ് അറ്റകുറ്റപ്പണിക്ക് പകരമായി ദേലംപാടി വില്ലേജ് ഓഫീസിന് അറ്റകുറ്റപ്പണി നിർവ്വഹിക്കുവാൻ അനുമതി നൽകിയ കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.715/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. 21/06/2025 തീയതിയിലെ സ.ഉ(സാധാ) നം. 1494/2025/റവ നമ്പർ സർക്കാർ ഉത്തരവ്.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 20/01/2026 ലെ LR/13467/2025-LR (M5) നമ്പർ കത്ത്

**ഉത്തരവ്**

2020-21 പ്ലാൻ പദ്ധതിയിലെ വില്ലേജ് ഓഫീസുകളുടെ പരിപാലനം (അറ്റകുറ്റപ്പണി) എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി കാസറഗോഡ് ജില്ലയിലെ ആദൂർ വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2] എന്നാൽ ആദൂർ വില്ലേജ് ഓഫീസ് അറ്റകുറ്റപ്പണിക്കു പകരം ദേലംപാടി വില്ലേജ് ഓഫീസിനാണ് അറ്റകുറ്റപ്പണി നിർവഹിച്ചതെന്നും ആയതിനാൽ പ്രസ്തുത പ്രവർത്തി നിർവ്വഹിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കാസറഗോഡ് ജില്ലാ കളക്ടർ അപേക്ഷിട്ടുള്ളതായും മേൽ സാഹചര്യത്തിൽ കാസറഗോഡ് ജില്ലയിലെ ആദൂർ വില്ലേജ് ഓഫീസ് അറ്റകുറ്റപ്പണിക്ക് പകരമായി ദേലംപാടി വില്ലേജ് ഓഫീസിന് അറ്റകുറ്റപ്പണി നിർവ്വഹിച്ച പ്രവൃത്തി സാധൂകരിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 പ്ലാൻ പദ്ധതിയിലെ വില്ലേജ് ഓഫീസുകളുടെ പരിപാലനം (അറ്റകുറ്റപ്പണി) എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത കാസറഗോഡ് ജില്ലയിലെ ആദൂർ വില്ലേജ് ഓഫീസ് അറ്റകുറ്റപ്പണിക്ക് പകരമായി ദേലംപാടി വില്ലേജ് ഓഫീസിന് അറ്റകുറ്റപ്പണി നിർവ്വഹിക്കുവാൻ അനുമതി നൽകിയ കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 15-03-2026 16:17:49